LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടികവർഗ്ഗ വനിതകൾക്കുവേണ്ടി സംവരണം ചെയ്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

50 [1737] *ശ്രീ. എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകളിൽ വനിതാ, പട്ടിക ജാതി-പട്ടികവർഗ്ഗക്കാർക്കു വേണ്ടി പ്രസിഡന്റുപദം സംവരണം ചെയ്തിട്ടുള്ള വാർഡ്/ ഡിവിഷനുകളുടെ ഓരോന്നിന്റെയും എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോന്നും ഏതു ഡിവിഷനുകളാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

	ഗ്രാമ പഞ്ചായത്ത്	*ബ്ളോക്ക് പഞ്ചായത്ത്*	*ജില്ലാ പഞ്ചായത്ത്*
വനിത	331	51	5
പട്ടികജാതി	98	15	1
പട്ടികവർഗ്ഗം	11	2	–

(ബി) പ്രസിഡന്റു സ്ഥാനം സംവരണം ചെയ്തിരിക്കുന്നത് വാർഡു ഡിവിഷനുകളുടെ അടിസ്ഥാനത്തിൽ അല്ല.

വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കി നൽകാൻ നടപടി

51 [1738] *ശ്രീ. തോമസ് ഉണ്ണിയാടൻ:*

„ *സ്റ്റീഫൻ ജോർജ്ജ്:*

„ *ജോസഫ് എം. പുതുശ്ശേരി:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തഭടന്മാരുടെ വീടുകൾക്ക് വീട്ടുകരം ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ബി) ഈ ഉത്തരവുപ്രകാരം വിമുക്തഭടന്റെ ഭാര്യയുടെ പേരിലുള്ള വീടിന് ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഭാര്യയുടെ പേരിൽ വീടുള്ള വിമുക്തഭടന്മാർക്കു കൂടി ഈ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1-1-2005-ലെ സ.ഉ. (എം.എസ്.) 3/05/തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം നഗരസഭാ പ്രദേശങ്ങളിലും 23-4-2005-ലെ സ.ഉ.(എം.എസ്.) 111/05/തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിലും വിമുക്തഭടന്മാരുടെയും അവരുടെ വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ വീട്ടുകരം ഒടുക്കുന്നതിൽ നിന്നും 2004-05 രണ്ടാം അർദ്ധ വർഷം മുതൽ ഒഴിവാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്

(സി) & (ഡി) ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ഇൻഫർമേഷൻ കേരള മിഷന്റെ കീഴിൽ കമ്പ്യൂട്ടർവൽക്കരണം

52 [1739] *ശ്രീ. ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ കേരള മിഷൻ സംസ്ഥാനത്തെ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്; അവയുടെ പേരും വിശദാംശങ്ങളും എന്തെല്ലാം;

(ബി) തിരുവനന്തപുരം ജില്ലയിലെ വെള്ളനാട്, തൃശ്ശൂർ ജില്ലയിലെ തളിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ എത്ര രൂപ വീതം ഓരോ പഞ്ചായത്തിനും ചെലവ് ചെയ്തു; ഓരോ പഞ്ചായത്തിലും ഐ.കെ.എം. ചെലവു ചെയ്ത സംഖ്യയുടെ ഇനം തിരിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) തളിക്കുളം-വെള്ളനാട് ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായി ഗ്രാമപഞ്ചായത്തിൽ നിന്നും എത്ര രൂപ ചെലവുചെയ്തു; ഓരോ പഞ്ചായത്തും ഇതിനായി പഞ്ചായത്ത് ഫണ്ട് ചെലവു ചെയ്തതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ടു ഗ്രാമപഞ്ചായത്തുകൾ. തിരുവനന്തപുരം ജില്ലയിലെ വെള്ളനാടും, തൃശ്ശൂർ ജില്ലയിലെ തളിക്കുളവും സമ്പൂർണ്ണമായി കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. ഇവ യഥാക്രമം 2003, 2005 എന്നീ വർഷങ്ങളിലാണ് കമ്മീഷൻ ചെയ്തത്. ഐ.കെ.എം. വികസിപ്പിച്ചെടുത്ത പന്ത്രണ്ട് സോഫ്റ്റ്വെയറുകൾ ഇവിടെ വിന്യസിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly